ഭരണ ഭാഷ-മാതൃഭാഷ

## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ: പ്രിയങ്ക.ജി. IAS)

വിഷയം: വനിത ശിശു വികസന വകുപ്പ്- വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം 'പടവുകൾ' പദ്ധതി 2021-22- തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1) സ.ഉ (സാധാ) നം. 722/2018/സാനീവ തീയതി 18.12.2018.
2) ഈ കാര്യാലയത്തിലെ 12/08/2021 ലെ WEC2-13083/2021 നമ്പർ സർക്കുലർ.
3) വനിതാ ശിശു വികസന ഡയറക്ടറുടെ 26/03/2022 ലെ ഇതേ നം. ഉത്തരവ്
4) വനിതാ ശിശു വികസന ഡയറക്ടറുടെ 18/04/2022 ലെ ഇതേ നം. ഉത്തരവ്
5) വനിതാ ശിശു വികസന ഡയറക്ടറുടെ 27/05/2022 ലെ ഇതേ നം. ഉത്തരവ്
6) കോഴിക്കോട് DWCDO-യുടെ 31/05/2022 ലെ DWCDO/KKD/D-2532/21 നം. കത്ത്.
7) കോഴിക്കോട് DWCDO-യുടെ 04/04/2023 ലെ DWCDO/KKD/D-2336/22 നം. കത്ത്.
8) വയനാട് DWCDO-യുടെ 30/06/2022 B-748/21 നമ്പർ കത്ത്.

ഉത്തരവ് നം. WEC2-13083/2021 തീയതി : 17/04/2023

വിധവകളായ സ്ത്രീകളുടെ കുടുംബ ജീവിതത്തിന്റെ നിലവാരം ഉയർത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനായി ആവിഷ്കരിച്ച വിധവകളുടെ മക്കൾക്കുള്ള ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതിയാണ് "പടവുകൾ". വിധവകളുടെ വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന മക്കളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവ നൽകുന്നതിനായി പരാമർശം 1 പ്രകാരം സർക്കാർ അനുമതി ലഭ്യമായതിനെത്തുടർന്ന് 2018-19 മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. തുടർ പദ്ധതി എന്ന നിലയിൽ 2021-22 സാമ്പത്തിക വർഷം ജില്ലാ തലത്തിൽ അപേക്ഷ സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. അപ്രകാരം ലഭിച്ച അപേക്ഷകൾക്ക് ധനസഹായം അനുവദിച്ച് നൽകുന്നതിന് വിവിധ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ അലോട്ട്മെന്റിനായി അപേക്ഷിച്ചിരുന്നു. ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ആദ്യ ഘട്ടമായി തൃശ്ശൂർ, ഇടുക്കി ,എറണാകുളം, കോഴിക്കോട്, കാസർഗോഡ് , കൊല്ലം, പത്തനംതിട്ട , ആലപ്പുഴ , വയനാട് , പാലക്കാട് , തിരുവനന്തപുരം, മലപ്പുറം എന്നീ ജില്ലകൾക്ക് പരാമർശം (3) പ്രകാരം 1,49,89,689/- രൂപയും, രണ്ടാം ഘട്ടമായി എറണാകുളം, കോട്ടയം ജില്ലകൾക്ക് പാരമർശം (4) പ്രകാരം 12,83,450/- രൂപയും, കോട്ടയം, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകൾക്ക് പാരമർശം (5) പ്രകാരം 30,82,676/- രൂപയും, അനുവദിച്ചിട്ടുണ്ട്.

ആയതിന് തുടർച്ചയായി ജില്ലാ തലത്തിൽ ലഭ്യമായ അപേക്ഷകളുടെ

അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം(8) പ്രകാരം വയനാട് ജില്ലാ വനിതാ ശിശു വികസന ഓഫീസർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

<u>വയനാട്</u>

| തീയതി | ക്രമ നം. | അപേക്ഷകയുടെ പേരും മേൽ വിലാസവും | വിദ്യാർത്ഥിയുടെ പേര് | ട്യൂഷന് ഫീസ് | ഹോസ്റ്റല് ഫീസ് | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|---|---|---|
| 23/03/2022 | 194 | അലീമ.എം. 164, മടയിൽ വീട്, കൽപ്പറ്റ | ഹസ്ന.എം. | 21290 | 10670 | 31960 |
| | 195 | ബിന്ദു.കെ.ആർ കുഞ്ഞിവീട്ടിൽ, മുണ്ടകുറ്റി.പി., കപ്പാടിത്തറ | അനശ്വര.ഇ.എസ് | 40500 | 60000 | 10500 |
| | ആകെ | | | | | 132460 |

പരാമർശം(3) പ്രകാരം കോഴിക്കോട് ജില്ലയ്ക്ക് 27,25,681/- രൂപ അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ടിരുന്ന ശ്രീമതി സഫിയ, അമ്മിച്ച്യാത്ത് കാവിൽ, നടുവണ്ണൂർ, കോഴിക്കോട് എന്ന ഗുണഭോക്താവിന് അനുവദിച്ചിരുന്ന 1,91,605/- രൂപ ടിയാളുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനായി ബിൽ സമർപ്പിച്ചിരുന്നു എങ്കിലും അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തിയിരുന്നതിനാൽ ടിയാളുടെ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ആയിരുന്നില്ലെന്നും ടി തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് മാറ്റപ്പെട്ടു എന്നും ആയതിനാൽ 2021-22 സാമ്പത്തിക വർഷം ചെലവഴിച്ച 1,91,605/- രൂപ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് പരാമർശം(6) പ്രകാരം കോഴിക്കോട് ജില്ലാ വനിതാ ശിശു വികസന ഓഫീസർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന്റെ തെളിവായി കോഴിക്കോട് ട്രഷറിയിൽ നിന്നുള്ള Non Payment Certificate പരാമർശം(7) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ പടവുകൾ പദ്ധതി പ്രകാരം ചുവടെ വിവരിക്കുന്ന ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് 3,24,065/- രൂപ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് അനുവദിക്കുന്ന തുക |
|---|---|---|

| | | |
|---|---|---|
| 1 | കോഴിക്കോട് | 191605 |
| 2 | വയനാട് | 132460 |
| | ആകെ | 324065 |

ഇതിലേയ്ക്കാവശ്യമായ 3,24,065/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തി നാലായിരത്തി അറുപത്തിയഞ്ച് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-77-(NP) ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

പ്രസ്തുത തുക ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ മാറി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. തുക വിനിയോഗം സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (ആകെ തുക അനുവദിച്ച് നൽകിയ ഗുണഭോക്താക്കളുടെ എണ്ണം) ഉൾപ്പെടെ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

ജില്ലാ വനിതാ ശിശുവികസന ഓഫീസർ, കോഴിക്കോട്, വയനാട്

പകർപ്പ്
1.സൂപ്രണ്ട് , അക്കൗണ്ട് സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിന് വേണ്ടി)
2.സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്